# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 2**

---

## ആർട്ടിക് പര്യവേഷണത്തിന് എം.ജി സർവകലാശാലയിലെ ഗവേഷകയും

നാഷണൽ സെന്റർ ഫോർ അന്റാർട്ടിക് ആന്റ് ഓഷ്യൻ റിസർച്ചിന്റെ(എൻ.സി.എ.ഒ.ആർ)ആർട്ടിക് പര്യവേഷണ പ്രവർത്തനങ്ങൾക്കുള്ള പുതിയ ബാച്ചിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രതിനിധിയും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ ഗവേഷക വി.കെ. സരിതയാണ് നോർവെയിലെ ഇന്ത്യയുടെ ആർട്ടിക് പര്യവേഷണ കേന്ദ്രമായ ഹിമാദ്രിയിലെത്തിയത്.

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് 2013 മുതൽ ആർട്ടിക് പര്യവേഷണ പ്രവർത്തനങ്ങളിൽ സഹകരിച്ചുവരുന്നു. വകുപ്പിലെ അധ്യാപകരും ഗവേഷകരും പല ഘട്ടങ്ങളിലായി ആർട്ടിക് മേഖലയിലെ പരിസ്ഥിതി പഠനത്തിൽ പങ്കാളികളായിട്ടുണ്ട്. വിവിധ പഠന വകുപ്പുകളുടെ സഹകരണത്തോടെ ഇന്റർനാഷണൽ സെൻറർ ഫോർ പോളാർ സ്റ്റഡീസും സർവകലാശാലയിൽ പ്രവർത്തിക്കുന്നുണ്ട്.

മലിനീകരണത്തിന് കാരണമാകുന്ന പെർഫ്ളൂറിനേറ്റഡ് കോമ്പൗണ്ടുകളെക്കുറിച്ചും മൈക്രോ പ്ലാസ്റ്റിക്കുകളെക്കുറിച്ചുമാണ് സരിത പ്രധാനമായും പഠനം നടത്തുക. ഇതിനു പുറമെ മെർക്കുറിയുടെയും മറ്റു ലോഹങ്ങളുടെയും സാന്നിധ്യം പരിശോധിക്കുന്ന പ്രവർത്തനങ്ങളിലും പങ്കുചേരും. ഡോ. മഹേഷ് മോഹനു കീഴിൽ സർവകലാശാലയിൽ ഗവേഷണം നടത്തിവരികയാണ് സരിത.

*ഫോട്ടോ ക്യാപ്ഷൻ..*
വി.കെ. സരിത

(പി.ആർ.ഒ/39/1056/2023)

## പരീക്ഷ മാറ്റി

സെപ്റ്റംബർ ഏഴു മുതൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.കോം, എം.സി.എം(സി.എസ്.എസ് 2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി -ജൂൺ 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 11 മുതൽ സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1057/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററിയും ഇംപ്രൂവ്മെന്റും, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി-മാർച്ച് 2023) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 16 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

......................

കഴിഞ്ഞ മാർച്ച് മാസത്തിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്(2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധന യ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 11 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.
(പി.ആർ.ഒ/39/1058/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്(മെറ്റീരിയൽ സയൻസ് 2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി-ജൂൺ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 11 മുതൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടക്കും. വിശദമായ ടൈം ടേ ബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

......................

ജൂലൈയിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ എം.എ മൾട്ടിമീഡിയ, ആനി മേഷൻ, ഗ്രാഫിക് ഡിസൈൻ, സിനിമ ആന്റ് ടെലിവിഷൻ, പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേണ ലിസം(2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി-ജൂലൈ 2023) പരീ ക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 11ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാ ലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/1059/2023)

## പ്രോജക്ട്, വൈവ

നാലാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി(2021 അഡ്മിഷൻ റെഗുലർ, 2019, 2020 അഡ്മി ഷനുകൾ സപ്ലിമെന്ററി - ജൂൺ 2023) പരീക്ഷയുടെ പ്രോജക്ട്, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 11ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/1060/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**